Draft #41 of File EC4/45695/16/DTE Approved by Senior Joint Director (PS) on 02-Aug-2023 09:03 AM - Page 1

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതികം - വിദ്യാഭ്യാസം - ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും കമ്പ്യൂട്ടർ എഞ്ചിനിയറിംഗ് വിഭാഗം ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിലേയ്ക്ക് തസ്തിക മാറ്റം വഴി നിയമനം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് -

---

അക്കാദമിക് (എ) വിഭാഗം

നം: EC4/45695/16/ഡി.ടി.ഇ                                   തിരുവനന്തപുരം , തീയതി: 02.08.2023

---

വായന:- 1. സർക്കാർ ഉത്തരവ് നം. ജി. ഓ. (പി) 503/2012/എച്ച്.ഇഡി.എൻ, തീയതി 12-10-2012
2. ഈ ആഫീസിലെ സർക്കുലർ നമ്പർ ഇ.ജി.3/43027/23/ഡി. ടി. ഇ തീയതി 15-03-2023

**ഉത്തരവ്**

ഈ വകുപ്പിലെ കമ്പ്യൂട്ടർ എഞ്ചിനിയറിംഗ് വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ /ഡെമോൺസ്ട്രേറ്റർ/ഇൻസ്ട്രക്ടർ ഗ്രേഡ്II തസ്തികളിലേക്ക് ട്രേഡ് ഇൻസ്ട്രക്ടർമാരിൽ നിന്നുള്ള തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും 1:1 അനുപാതം സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങളിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ മൂന്ന് ഒഴിവാണ് സൂചന ഒന്നിലെ വിശേഷാൽ ചട്ട പ്രകാരം തസ്തിക മാറ്റം വഴി നികത്തപ്പെടേണ്ടത്. മേൽ സാഹചര്യത്തിൽ തസ്തിക മാറ്റ നിയമനത്തിനായി സൂചന 2 പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട ട്രേഡ് ഇൻസ്ട്രക്ടർമാരുടെ സംയോജിത മുൻഗണന പട്ടികയിൽ നിന്നും താഴെ പറയുന്ന ഉദ്യോഗസ്ഥരെ 41300-87000/- രൂപ ശമ്പള സ്കെയിലിൽ, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ്, 1958 റൂൾ 28 (b) (ii) പ്രകാരം തസ്തിക മാറ്റം വഴി കമ്പ്യൂട്ടർ /കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിൻറനൻസ് വിഭാഗം ഡെമോൺസ്ട്രേറ്റർ/വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ/ഇൻസ്ട്രക്ടർ ഗ്രേഡ് II വിഭാഗം തസ്തികയിൽ നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | മുൻ ഗണന പട്ടികയിലെ ക്രമ നമ്പർ | പേര്, ഉദ്യോഗപ്പേര്, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റപ്പെട്ട സ്ഥാപനം |
|---|---|---|---|
| 1 | 02 | ശ്രീ. അബ്ദുൾ ജലീൽ പി എം , ട്രേഡ് ഇൻസ്ട്രക്ടർ സീനിയർ ഗ്രേഡ് (കമ്പ്യൂട്ടർ എൻജിനിയറിങ് ), സർക്കാർ എൻജിനിയറിങ് കോളേജ്, തൃശ്ശൂർ . | **സർക്കാർ പോളിടെക്നിക് കോളേജ്,ചേലക്കര,തൃശ്ശൂർ** (തുറന്ന ഒഴിവ്) |
| 2 | 04 | ശ്രീ അബ്ദുള്ള പി വി ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് I (കമ്പ്യൂട്ടർ എൻജിനിയറിങ് ), സർക്കാർ പോളിടെക്ക്നിക്ക് കോളേജ് ,തിരൂരങ്ങാടി | **IPT &സർക്കാർ പോളിടെക്നിക് കോളേജ്, ഷൊർണ്ണൂർ,പാലക്കാട്** (തുറന്ന ഒഴിവ്) |
| 3 | 05 | ശ്രീ ഷിബു ചെറിയ ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് I (സിവിൽ/സർവേ) സർക്കാർ പോളിടെക്ക്നിക്ക് കോളേജ്,കളമശ്ശേരി | **സർക്കാർ പോളിടെക്നിക് കോളേജ്,നെടുംകണ്ടം** (തുറന്ന ഒഴിവ്) |

തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ യഥാർത്ഥ സേവനം ടി ഉദ്യോഗസ്ഥന്റെ നിരീക്ഷണ കാലയളവായി പൂർത്തീകരിക്കേണ്ടതാണ്.

- അയോഗ്യനാണെന്ന് കണ്ടെത്തുകയോ ഒഴിവില്ലാത്ത സാഹചര്യമുണ്ടാകുകയോ ചെയ്താൽ തസ്തിക മാറ്റ നിയമനം റദ്ദാക്കപ്പെടുന്നതായിരിക്കും.
- ടി ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട സ്ഥാപന മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്/-

ഡോ. രാമചന്ദ്രൻ എം
സീനിയർ ജോയിൻറ് ഡയറക്ടർ

സ്വീകർത്താവ്
1)ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്/ഉദ്യോഗസ്ഥർക്ക് (ഡി.റ്റി.ഇ.ഔദ്യോഗിക വെബ് സൈറ്റ് മുഖേന)
2) EB2 സെക്ഷൻ
3)കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

Approval Valid

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 02.08.2023
Reason: Approved

Draft #41 of File EC4/45695/16/DTE Approved by Senior Joint Director (PS) on 02-Aug-2023 09:03 AM - Page 2

The document is digitally approved. Hence signature is not needed.